പതിനാലാം കേരള നിയമ സഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 12 — 26-09-2016-ൽ മറുപടിക്ക്.

## എല്ലാ മണ്ഡലങ്ങളിലും ജനസേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി

ചോദ്യം

ശ്രീ. വി.കെ.സി. മമ്മത് കോയ

മറുപടി

പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | എത്ര ജനസേവന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ; | (എ) | ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ സംസ്ഥാനത്തെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഒന്നു വീതം പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഏതൊക്കെ വകുപ്പുകളെയാണ് ജനസേവന കേന്ദ്രത്തിന്റെ സേവന പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി, കോർപ്പറേഷൻ, യൂണിവേഴ്സിറ്റി, റവന്യൂ സിവിൽ സപ്ലൈസ്, ബി.എസ്.എൻ.എൽ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, കൾച്ചറൽ വെൽഫയർ ബോർഡ് എന്നിവയുടെ സേവനങ്ങൾ നിലവിൽ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ വഴി ലഭ്യമാകുന്നുണ്ട്. |
| (സി) | ജനസേവന കേന്ദ്രങ്ങൾ പലതും ഇപ്പോൾ ആവശ്യത്തിന് ജീവനക്കാരില്ലാതെ പ്രയാസങ്ങൾ നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി | നിലവിലുള്ള ജനസേവന കേന്ദ്രങ്ങളിൽ കൂടുതൽ വകുപ്പുകളെ ഉൾകൊള്ളിച്ചും ജീവനക്കാരെ നിയോഗിച്ചും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ഡി) | നിലവിലുള്ള ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിൽ കൂടുതൽ വകുപ്പുകളെ ഉൾകൊള്ളിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 19.

26.09.2016 - ൽ
മറുപടിയ്ക്ക്

### പേഴ്സണൽ സെക്യൂരിറ്റി ഗാർഡുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ടി.എ.അഹമ്മദ് കബീർ** | **ശ്രീ. പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാന സിവിൽ സർവ്വീസിൽ ഏത് റാങ്ക് വരെയുള്ള ഉദ്യോഗസ്ഥർക്കാണ് പോലീസ് സേനയിൽ നിന്ന് പി.എസ്.ഒ മാരെയും പേഴ്സണൽ സെക്യൂരിറ്റി ഗാർഡുകളെയും സേവനത്തിനായി ലഭ്യമാക്കാറുള്ളത്; എന്തെല്ലാം സേവനമാണ് ഇവരിൽ നിന്ന് ഉദ്യോഗസ്ഥർക്ക് ലഭിക്കുന്നത്; ഓരോ ഉദ്യോഗസ്ഥർക്കും എത്രവരെ സെക്യൂരിറ്റി ഗാർഡുമാരെയും പി.എസ്.ഒ മാരെയും നൽകാറുണ്ട്; | (എ), (ബി), (സി) & (ഡി) എക്സിക്യൂട്ടീവ് ഡയറക്ടീവ് 03/2002 തീയതി 30.03.2002 പ്രകാരം ഡി.വൈ.എസ്.പി റാങ്ക് മുതൽ ഡി.ജി.പി വരെയുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് പി.എസ്.ഒ മാരെ നിയമിക്കാമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത്തരത്തിൽ സംസ്ഥാന പോലീസിൽ 202 പേർ പി.എസ്.ഒ മാരായി പ്രവർത്തിയെടുത്ത് വരുന്നു. |
| (ബി) ഇത്തരം സേവനം കൂടുതൽ ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | |
| (സി) നിലവിൽ പി.എസ്.ഒ മാരെയും സെക്യൂരിറ്റി ഗാർഡുകളെയും നൽകിയിട്ടുള്ള ഉദ്യോഗസ്ഥർക്ക് അവരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശമുണ്ടോ ; | |
| (ഡി) പി.എസ്.ഒ മാരായും പേഴ്സണൽ സെക്യൂരിറ്റി ഗാർഡുകളായും സംസ്ഥാനത്ത് മൊത്തം എത്ര സിവിൽ പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടെന്നതിന്റെ കണക്ക് ലഭ്യമാക്കുമോ ? | |

Rajani.M
സെക്ഷൻ ഓഫീസർ